150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നമ്പർ. 22104/AD A1/1/AD A 1/AD A 1

## സർക്കുലർ

വിഷയം:- ആയുഷ് - അഞ്ചാം അന്താരാഷ്ട്ര യോഗാ ദിനാചരണം - 2019 ജൂൺ 21-ാം തീയതി സർവ്വകലാശാലയിൽ ആചരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- കേരള സർക്കാർ ആയുഷ് (എ) വകുപ്പിൻറെ 18.06.2019 തീയതിയിലെ സർക്കുലർ നമ്പർ എ 1/85/2019-ആയുഷ്.

-------

കേന്ദ്ര ആയുഷ് മന്ത്രാലയത്തിൻറെ നിർദ്ദേശപ്രകാരം അഞ്ചാം അന്താരാഷ്ട്ര യോഗാ ദിനാചരണത്തിൻറെ സംസ്ഥാനതല ചടങ്ങ് 2019 ജൂൺ 21-ാം തീയതി തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വിപുലമായ രീതിയിൽ ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അന്താരാഷ്ട്ര യോഗ ദിനാചരണത്തിൽ പ്രമുഖരായ യോഗ പരിശീലകരുടെ നേതൃത്വത്തിൽ വിശദമായ പരിശീലന പരിപാടികൾ, ചർച്ചകൾ, പ്രഭാഷണങ്ങൾ, പ്രസംഗങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശം ലഭിച്ചിട്ടുണ്ട്. സംസ്ഥാന /ജില്ലാ / ബ്ലോക്ക് / പഞ്ചായത്ത് തലങ്ങളിൽ രാവിലെ 7 മണി മുതൽ 8 മണിവരെ കേന്ദ്ര ആയുഷ് മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള കോമൺ യോഗ പ്രോട്ടോക്കോൾ (Common Yoga Protocol) അനുസരിച്ച് നടത്തുന്ന യോഗാഭ്യാസമായിരിക്കും യോഗാദിനത്തിൻറെ ഭാഗമായുള്ള പ്രധാന പരിപാടി. കൂടാതെ സർവ്വകലാശാലകൾ,കോളേജുകൾ, സംസ്ഥാനത്തെ സ്കൂളുകൾ, വിവിധ യുവജന സംഘടനകളായ നാഷണൽ സർവ്വീസ് സ്കീം, എൻ.വൈ.കെ.എസ്., റസിഡൻറ് വെൽഫെയർ അസോസിയേഷനുകൾ, സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകൾ തുടങ്ങിയവ യോഗയുമായി ബന്ധപ്പെട്ട് യോഗഫെസ്റ്റ്, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിനും നിർദ്ദേശിച്ചിരിക്കുന്നു.

യോഗാഭ്യാസത്തിനു പുറമേ, യോഗയുടെ ഗുണങ്ങളും, ചികിത്സാപരമായുള്ള പ്രാധാന്യവും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി വർക്ക് ഷോപ്പുകൾ / പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിനും നിർദ്ദേശമുണ്ട്. കോമൺ യോഗ പ്രോട്ടോക്കോൾ അനുസരിച്ച് കേന്ദ്ര ആയുഷ് മന്ത്രാലയം പുറപ്പെടുവിച്ച വിവിധ യോഗാസനങ്ങൾ വിശദമാക്കുന്ന ബുക്ക് ലെറ്റ് www.ayush.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

മേൽ സാഹചര്യത്തിൽ, 2019 ജൂൺ 21-ാം തീയതി (വെള്ളിയാഴ്ച) രാവിലെ 7 മണി മുതൽ 8 മണി വരെ യോഗാദിനം സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ പഠന വകുപ്പുകളിലും, അഫിലിയേറ്റഡ് കോളേജുകളിലും വിപുലമായി ആചരിക്കേണ്ടതാണ്. ഇതിൻ പ്രകാരം ആവശ്യമായ നടപടികൾ, ബന്ധപ്പെട്ട സർവ്വകലാശാലാ വകുപ്പ് മേധാവികളും കോളേജ് അധികൃതരും അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഒപ്പ്

**പ്രേംകുമാർ .ആർ**

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

Draft #1 of File 22104/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I ADMINISTRATION on 20-Jun-2019 01:13 PM - Page 1

Scanned by CamScanner

പകർപ്പ്

1.സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ

2. വൈസ് ചാൻസിലറുടെ പി.എസ്.

3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ.

4. എസി.എ1 / എസി.എ7 സെക്ഷനുകൾ (അഫിലിയേറ്റഡ് കോളേജുകളിലേയ്ക്ക് പരിപത്രത്തിൻറെ പകർപ്പ് നൽകുന്നതിനായി)

5. പി.ആർ.ഒ. /നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File 22104/AD A1/?/2019/AD A 1 Approved by ASSISTANT REGISTRAR I ADMINISTRATION on 20-Jun-2019 01:13 PM - Page 2

Scanned by CamScanner